# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2043 07.03.2017 – ൽ മറുപടിക്ക്

## റേഷൻ കടകളിലൂടെ കൂടുതൽ ഉത്പന്നങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, കെ.സുരേഷ് കുറുപ്പ്<br>,, കെ.കുഞ്ഞിരാമൻ<br>,, എ. പ്രദീപ്കുമാർ | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകളിലെയും മൊത്ത വിതരണ കേന്ദ്രങ്ങളിലെയും ക്രമക്കേടുകൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(ബി) ഗോഡൗണുകൾ മുതൽ റേഷൻ കടകൾ വരെ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിൽ ഉണ്ടാകുന്ന ചോർച്ച തടയാൻ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) യും (ബി) യും | നിലവിൽ റേഷനിംഗ് കൺട്രോളർ, വിജിലൻസ് ഓഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരടങ്ങിയ സ്ഥിരം മോണിറ്ററിംഗ് സംവിധാനത്തിന് പുറമേ സ്പെഷ്യൽ സ്ക്വാഡ്, ഷാഡോ ടീം തുടങ്ങിയ പ്രത്യേക മോണിറ്ററിംഗ് ടീമുകളും റേഷൻ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് വരുന്നു. റേഷൻ വിതരണ രംഗത്തെ പരാതികൾ പരിഹരിക്കുന്നതിനായി ജില്ല/താലൂക്ക്/ പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റികൾ നിലവിലുണ്ട്. 2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന ജില്ലാ തല പരാതി പരിഹാര ഓഫീസർമാരായി എല്ലാ ജില്ലയിലും അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റുമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് ഫുഡ് കമ്മീഷന്റെ ചുമതല നൽകിയിട്ടുമുണ്ട്.<br><br>വാതിൽപ്പടി വിതരണം നടപ്പിലാക്കുക വഴി റേഷൻ കടകൾ വരെ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിൽ ഉണ്ടാകുന്ന ചോർച്ച തടയാൻ സാധിക്കും. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എഫ്.സി.ഐ. ഗോഡൗൺ / സി.എം.ആർ മില്ലുകൾ എന്നിവിടങ്ങളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഇതിനായി പ്രത്യേകമായി കണ്ടെത്തിയിട്ടുള്ള ഇന്റർ മീഡിയറി ഗോഡൗണുകളിൽ സംഭരിച്ച്, താലൂക്ക് സപ്ലൈ |

ഓഫീസിൽ നിന്നു ലഭിക്കുന്ന ലിസ്റ്റനുസരിച്ച് ഓരോ റേഷൻവ്യാപാരിയുടേയും വിഹിതം അവരുടെ റേഷൻ കടകളിൽ എത്തിച്ചു കൊടുക്കുന്നതാണ് വാതിൽപ്പടി വിതരണ സംവിധാനം. വാതിൽപ്പടി വിതരണ സംവിധാനം മുഖേന റേഷൻ ഭക്ഷ്യധാന്യങ്ങൾ എല്ലാ റേഷൻകടകളിലും നേരിട്ട് എത്തിക്കുന്നതാണ്. ഇതിനായി സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെ (സപ്ലൈകോ) യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഭാഗമായ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതോടുകൂടി ഭക്ഷ്യധാന്യം എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് വിട്ടെടുക്കുന്നത് മുതൽ ഉപഭോക്താവിന് എത്തിക്കുന്നത് വരെയുള്ള നീക്കങ്ങൾ സുതാര്യവും കാര്യക്ഷമവുമാകും.

| | | | |
|---|---|---|---|
| **(സി)** | റേഷൻ കടകളിലൂടെ കൂടുതൽ ഉത്പന്നങ്ങൾ വിൽക്കാൻ നടപടി സ്വീകരിക്കുമോ? | **(സി)** | സാധ്യത പരിശോധിച്ചു വരുന്നു. |

*സെക്ഷൻ ഓഫീസർ*